**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ. - ശ്രീ. അനിൽ എം ആർ, ലെ സെക്രട്ടറി & ട്രഷറർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No. 1096/2025 - മേലുള്ള ബഹു. ട്രിബ്യൂണലിന്റെ 08/08/2025 - ലെ അന്തിമ ഉത്തരവ് - അനുപാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഉത്തരവ് നമ്പർ ആവഡ/3714/2025 - ഇഡി3, തീയതി : 20/06/2025
2. OA No. 1096/2025 - മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 08/08/2025 - ലെ അന്തിമ ഉത്തരവ്
3. ശ്രീ. അനിൽ എം ആർ, ലെ സെക്രട്ടറി & ട്രഷറർ സമർപ്പിച്ച 15/09/2025 - ലെ അപേക്ഷ.

**ഉത്തരവ് നം. ആ.വ.ഡ./17186/2025- ഇഡി3, തീയതി: 26-09-2025**

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ലെ സെക്രട്ടറി & ട്രഷറർ ആയ ശ്രീ. അനിൽ എം ആർ, തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായുള്ള ടിയാന്റെ അപേക്ഷ പരിഗണിച്ചില്ല എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉള്ള സ്ഥലംമാറ്റ ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA No. 1096/2025 ഫയൽ ചെയ്തിരുന്നു. പ്രസ്തുത OA - മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 08/08/2025 - ലെ അന്തിമ ഉത്തരവിൽ പരാമർശം 1 പ്രകാരം ഉള്ള സ്ഥലംമാറ്റ ഉത്തരവ് പുനഃപരിശോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാനും, അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ മാതൃജില്ലയായ തൃശ്ശൂർക്ക് നിയമനം ലഭിക്കുന്നതിനായുള്ള ടിയാന്റെ അപേക്ഷയ്ക്ക് അർഹമായ പരിഗണന നൽകണമെന്നും നിർദ്ദേശിച്ചിരുന്നു.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനായ ശ്രീ. അനിൽ എം ആർ - നെയും, മൂന്നാം എതിർകക്ഷിയായ ശ്രീ. പ്രഭുൽ കെ വി - യെയും 15/09/2025 - ന് 4.40 പി. എം. - ന് ആരോഗ്യവകുപ്പ് ഡയറക്ടർ നേരിൽ

കേട്ടിരുന്നു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണലിന്റെ പരാമർശം 2 പ്രകാരം ഉള്ള ഉത്തരവ് നടപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം 3 പ്രകാരം ശ്രീ. അനിൽ എം ആർ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ അപേക്ഷകനായ ശ്രീ. അനിൽ എം ആർ - ന്റെ വിരമിക്കൽ തീയതി 31/05/2026 ആണ് എന്നതിനാലും, തൃശൂർ ജില്ലയിൽ സീനിയർ സൂപ്രണ്ട് / ലെ സെക്രട്ടറി & ട്രഷറർ തസ്തികയിൽ മറ്റ് ഒഴിവുകൾ നിലവിൽ ഇല്ല എന്നതിനാലും പരാമർശം 1 ഉത്തരവ് പുനഃപ്പരിശോധിച്ച് ചുവടെ ചേർക്കും പ്രകാരം ഉള്ള സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, പെൻ | നിലവിൽ ജോലിചെയ്യുന്ന തസ്തികയും, സ്ഥാപനവും | സ്ഥലം മാറ്റി നിയമിച്ചിട്ടുള്ള തസ്തികയും, സ്ഥാപനവും |
|---|---|---|---|
| 1. | ശ്രീ. അനിൽ എം ആർ, 235095 | ലെ സെക്രട്ടറി & ട്രഷറർ, താലൂക്ക് ആസ്ഥാന ആശുപത്രി, പെരുമ്പാവൂർ, എറണാകുളം | സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), തൃശൂർ |
| 2. | ശ്രീ. പ്രഭുൽ കെ വി, 358583 | സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), തൃശൂർ | ലെ സെക്രട്ടറി & ട്രഷറർ, താലൂക്ക് ആസ്ഥാന ആശുപത്രി, പെരുമ്പാവൂർ, എറണാകുളം |

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണലിന്റെ പരാമർശം 2 പ്രകാരം ഉള്ള അന്തിമ ഉത്തരവ് അനുപാലിച്ച് ഇപ്രകാരം ഉത്തരവാകുന്നു.

Signed by
Reena K J
Date: 26-09-2025 15:30:18

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

മേൽ ഉദ്യോഗസ്ഥർ

പകർപ്പ്: 1. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. അക്കൗണ്ടന്റ് ജനറൽ(എ& ഇ), കേരള, തിരുവനന്തപുരം
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശൂർ
4. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം
5. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, പെരുമ്പാവൂർ, എറണാകുളം
6. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്
7. ഫയൽ / കരുതൽ ഫയൽ.